# തൂലിക....

ഡിജിറ്റൽ മാഗസിൻ

## എം.എ.ഐ.ഹൈസ്കൂൾ
## മുരിക്കടി

# സന്ദേശം

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത ഈ സംരംഭത്തിന് എല്ലാ ആശംസകളും നേർന്നുകൊള്ളുന്നു.

ഈ സ്കൂളിലെ കുട്ടികളുടെ കലാവൈഭവങ്ങൾ
തൂലികതുമ്പിലൂടെ പുതിയ സൃഷ്ടികളായി
മാറിയപ്പോൾ

അവ നമ്മെ ആനന്ദിപ്പിക്കുന്നു.

അവ പുസ്തകത്താളിൽനിന്ന്
വിവരസാങ്കേതിക വിദ്യയുടെ പുതിയഭാവത്തിൽ രൂപപ്പെട്ടപ്പോൾ അവയുടെ തിളക്കം കൂടുന്നു.

ആശംസകളോടെ.........

ഹെഡ്മാസ്റ്റർ

# എം. എ. ഐ. ഹൈസ്കൂൾ – ചരിത്രവഴിയിലൂടെ

അശ്വനി. എസ്

ആലപ്പുഴ മങ്കൊമ്പിലെ പ്രസിദ്ധമായ കിഴക്കേമഠത്തിലെ വിദ്യാസമ്പന്നനും പുരോഗമനതൽപരനുമായ എൻ. വിശ്വനാഥ അയ്യർ- സ്കൂൾ സ്ഥാപകൻ 1928-ൽ മുരുക്കടിയിൽ വന്നു. അക്കാലത്ത് എസ്റ്റേറ്റ് മാനേജരായിരുന്ന നടേശൻ എന്നയാളിൽനിന്നും എസ്റ്റേറ്റ് വിലയ്ക്കു വാങ്ങി. നടേശന്റെ ഭാര്യ മീനാംബികയുടെ പേരിലായിരുന്ന സ്ഥലം, പിന്നീട് മുരുകാടി(മുരുകന്റെ സ്ഥലം) എന്നറിയപ്പെടുകയും പിൽക്കാലത്ത് മുരുക്കടി ആയി മാറുകയും ചെയ്തു.

സാധാരണക്കാരായ ആളുകൾ വന്യമൃഗങ്ങളേയും മലമ്പനി, പ്ലേഗ് തുടങ്ങിയ മാരകരോഗങ്ങളേയും ഭയപ്പെട്ട് ഹൈറേഞ്ചിലേയ്ക്ക് വരുവാൻ മടിച്ചിരുന്ന കാലയളവിലാണ് വിശ്വനാഥഅയ്യർ മുരുക്കടിയിൽ താമസം ഉറപ്പിച്ചത്. തന്റെ എസ്റ്റേറ്റിൽ പണിയെടുത്തിരുന്ന നിരക്ഷരരായ നൂറുകണക്കിന് തൊഴിലാളികൾക്ക്, വേലചെയ്താൽ കിട്ടുന്ന വേതനം എത്രയെന്ന് മനസ്സിലാക്കുവാനോ ആത് ഒപ്പിട്ട് വാങ്ങുവാനോ വേണ്ട പരിജ്ഞാനം ഇല്ലായിരുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം ഉണ്ടാക്കുന്നതിനായി തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് അക്ഷരാഭ്യാസം കൊടുക്കുന്നതിനായി വിശ്വനാഥഅയ്യർ (മുരുക്കടി സ്വാമി) തന്റെ അച്ഛന്റെ ആഗ്രഹപ്രകാരമാണ് ഈ സരസ്വതീ മന്ദിരത്തിന് ആരംഭം കുറിച്ചത്.

1942-ൽ എസ്റ്റേറ്റ് ഫാക്ടറിയോടുചേർന്ന ഒരു ഷെഡിൽ ഒരാശാന്റെ ശിക്ഷണത്തിൽ കുടിപ്പള്ളിക്കൂടമായി ആരംഭിച്ചു. എന്നാൽ തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂളിൽ വരുവാനോ പഠിക്കുവാനോ താൽപ്പര്യം ഇല്ലായിരുന്നു. എസ്റ്റേറ്റ് ജീവനക്കാരെ ലയങ്ങളിലയച്ച് മിഠായിയും മറ്റ്ഭക്ഷണസാധനങ്ങളും നൽകിയാണ് കുട്ടികളെ ക്ലാസ്സിൽ കൊണ്ടുവന്നിരുന്നത്. അങ്ങനെ താൽക്കാലികമായി ആ ഷെഡിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകൾ ആരംഭിച്ചു. ഈ കൊച്ചു സ്ഥാപനം പടിപടിയായി വളർന്ന് ഒരു ഹൈസ്കൂളായി മാറുകയും സ്വാമി ഈ സ്കൂളിന് തന്റെ പിതാവിന്റെ സ്മരണാർത്ഥം ' മങ്കൊമ്പ് ആണ്ടി അയ്യർ ഹൈസ്കൂൾ ' (എം. എ. ഐ. ഹൈസ്കൂൾ) എന്ന് നാമകരണം

നടത്തുകയും ചെയ്തു. റിട്ടയേർഡ് ഡി. ഇ. ഓ. നാരായണയ്യർ ആയിരുന്നു സ്കൂളിന്റെ പ്രഥമ പ്രധാനാദ്ധ്യാപകൻ. തുടർന്ന് ഇ. ശങ്കരൻപോറ്റി പ്രധാനാദ്ധ്യാപകനായി. വണ്ടൻമേട്, വണ്ടിപ്പെരിയാർ തുടങ്ങിയ ദൂരസ്ഥലങ്ങളിൽ നിന്നുപോലും അക്കാലത്ത് കാൽനടയായി കുട്ടികൾ ഇവിടെ പഠിക്കുവാനെത്തിയിരുന്നു.

## ഇടുക്കിജില്ലയിലൂടെ.....

| | |
|---|---|
| നിലവിൽവന്നത് | -1972 |
| ആസ്ഥാനം | -പൈനാവ് |
| വിസ്തീർണ്ണം | -4358 ച.കി.മീ |
| നിയമസഭാമണ്ഡലങ്ങൾ | -തൊടുപുഴ, ഇടുക്കി,ദേവികുളം,ഉടുമ്പൻചോല, പീരുമേട് |

# സന്ധ്യപൂക്കുന്നു---------കവിത

രചന: അശ്വതി. പി. എസ്  10B

*പക്ഷികൾ കൂടണയും നേരം*
*സന്ധ്യ സിന്ദൂരം ചാർത്തിട്ടും നേരം*
*കടലും കായലും സംഗമിക്കും*
*ദിക്കിൽ സന്ധ്യയുടെ തിളക്കം*

*ചന്ദനമരങ്ങളിൽ പുൽകി സുഗന്ധം*
*പരത്തുവാൻ കാറ്റെത്തെവെ*
*മേഘങ്ങൾ തുവൽ കണക്കെ*
*പാഞ്ഞങ്ങൊഴുകവെ*

*ഇരുട്ടിനെ അകറ്റവാൻ*
*മിന്നാമിനുങ്ങും ത്വരയാർന്നിരിക്കെ*
*പുഴകൾ സന്ധ്യാകീർത്തനങ്ങൾ-*
*പാടി സംഗമിച്ചൊഴുകവെ*
*കുയിലുകളുടെ നാദം എന്നപോലെ*

*നീലചന്ദ്രൻ വരാനൊരുങ്ങുന്നിതാ*
*നിശാഗന്ധികൾ പൂക്കാനൊരുങ്ങുന്നിതാ*
*താരപ്പൂക്കൾ മിന്നിത്തുടങ്ങുന്നിതാ*
*തളിരിലകൾ മയങ്ങാൻതുടങ്ങുന്നിതാ*

*സന്ധ്യ പൂത്തുനിൽക്കുന്നിതാ..................*